## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2341 12-06-2018-ലെ മറുപടിക്ക്

**ചോദ്യം**
ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ

**ഉത്തരം**
ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ചെലവ് ചുരുക്കൽ നടപടികൾ**

| | | |
|---|---|---|
| (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | വരവിന്റേയും ചെലവിന്റേയും വളർച്ചാനിരക്കുകൾ തമ്മിലുള്ള വിടവ് വർദ്ധിക്കുന്നത് മൂലമുള്ള അസന്തുലിതാവസ്ഥ കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനം അനുഭവിക്കുന്നുണ്ട്. വരുമാന വളർച്ചയിലൂന്നിയ ധനദൃഢീകരണ നടപടികളാണ് ഈ സർക്കാരിന്റെ മുൻഗണന. അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ച് സർക്കാർ ചെലവു ചെയ്യലിന്റെ മുൻഗണനയിൽ ക്ഷേമ വികസന ചെലവുകൾക്ക് പ്രാമുഖ്യം നൽകുക എന്നതും സർക്കാരിന്റെ നയമാണ്. ഇതിന്റെ ഭാഗമായി ധനദൃഢീകരണം സാദ്ധ്യമാകാനുതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 17.04.2018 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചെലവ് ചുരുക്കൽ നടപടി പ്രാവർത്തികമാക്കിയശേഷം, ഗവൺമെന്റ് സെക്രട്ടറിമാർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് നിലവിലുണ്ടായിരുന്ന 20000 രൂപ 30000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്? | ഉണ്ട്. ഗവൺമെന്റ് സെക്രട്ടറിമാർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിനുള്ള തുക കാലാനുസൃതമായി പരിഷ്കരിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. അതോടൊപ്പം സെക്രട്ടറി മാർക്കുള്ള മൊബൈൽ ഫോൺ, വസതിയിലെ ടെലിഫോൺ, ബ്രോഡ്ബാൻഡ് ചാർജ്ജ് ഇനങ്ങളിലുള്ള സംയോജിത പ്രതിമാസ പരിധിയിൽ 60% കുറവും വരുത്തിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

വ്യയനിയന്ത്രണ നടപടികൾ- പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച്- ഉത്തരവാകുന്നു.

---

**ധനകാര്യ(രഹസ്യ) വകുപ്പ്**

**സ.ഉ.(അ) നം. 66/2018/ധന** **തീയതി, തിരുവനന്തപുരം, 17.04.2018**

---

പരാമർശം : 1. 22/07/2016 ലെ സ.ഉ. (അ).102/2016/ധന

2. 11/01/2005 ലെ സ.ഉ. (അ) 17/2005/ധന

**ഉത്തരവ്**

**സംസ്ഥാന സർക്കാരിന്റെ ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ചുവടെപ്പറയുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കുന്നു.**

1. ആവശ്യമായ വർക്ക്സ്റ്റഡിയ്ക്ക് ശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാവൂ. വകുപ്പിനുള്ളിൽ പുനർവിന്യാസം കൊണ്ട് ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയുമെങ്കിൽ ആ വഴി തേടേണ്ടതാണ്.

2. വകുപ്പ് മേധാവികൾ, പോലീസ്, നിയമനിർവഹണ ഏജൻസികൾ, തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർക്കു മാത്രമേ സ്വന്തമായി വാഹനം വാങ്ങിക്കാൻ പാടുള്ളൂ.

3. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ പുതുതായി വാഹനം വാങ്ങിക്കുന്നതിനു പകരം അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 3-5 വർഷ കാലയളവിലേക്ക് പുതിയ വാഹനം **Lease ന്** എടുക്കേണ്ടതാണ്. ഡ്രൈവർ, ഇന്ധന ചെലവ്, മെയിന്റനൻസ് ചെലവ് ഉൾപ്പെടെയാണ് **Lease ന്** വാഹനം എടുക്കേണ്ടത്. **Lease ന്** എടുക്കുന്ന വാഹനത്തിന്റെ വില യാതൊരു കാരണവശാലും 14 ലക്ഷം രൂപയിൽ കൂടാൻ പാടുള്ളതല്ല. ഇപ്രകാരം എടുക്കുന്ന വാഹനത്തിന്റെ **Lease** ചെലവ് പുതിയ വാഹനം വാങ്ങിക്കുന്നതിനുള്ള ബന്ധപ്പെട്ട പ്ലാൻ/നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

4. എല്ലാ സർക്കാർ വകുപ്പുകളും അവയുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ നിലവിലുള്ള വാഹനങ്ങൾ സംബന്ധിച്ച **e**-രജിസ്റ്ററുകൾ അതാത് വകുപ്പിൽ സൂക്ഷിക്കേണ്ടതാണ്.

5. പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കാൻ പാടില്ല. അത്തരം സ്ഥാപനങ്ങൾ അനുവദിക്കേണ്ടതുണ്ടെങ്കിൽ വിശദമായ പഠനത്തിനു ശേഷം മാത്രമേ അനുമതിനൽകാവൂ.

6. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർ വിമാനയാത്രകൾ പരമാവധി കുറയ്ക്കണം. വീഡിയോ കോൺഫറൻസിങ് ഉപയോഗപ്പെടുത്താനുതകുന്ന സാഹചര്യങ്ങളിൽ പരമാവധി അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം.

7. അനിവാര്യവും തീർത്തും ഒഴിവാക്കാൻ പറ്റാത്തതുമായ സാഹചര്യത്തിൽ മാത്രമേ വിദേശയാത്രകൾ അനുവദിക്കാവൂ. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർ വിദേശ യാത്രക്കുള്ള ശുപാർശകൾ കുറഞ്ഞത് 4 ആഴ്ച മുൻപ് സർക്കാരിന്റെ മുൻകൂറനുമതിക്കായി സമർപ്പിക്കേണ്ടതാണ്. മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന വിദേശ യാത്രകൾക്ക് യാതൊരു കാരണവശാലും സാധൂകരണം നൽകുന്നതല്ല. ഔദ്യോഗിക വിദേശയാത്രകൾക്കുള്ള ശുപാർശകൾ (സർക്കാരിനു സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതുൾപ്പെടെ) ഭരണവകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടുകൂടി ധനവകുപ്പിന്റെ അംഗീകാരം തേടേണ്ടതാണ്. അതിനു ശേഷം ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി മാത്രമേ ഉത്തരവു പുറപ്പെടുവിക്കാവൂ.

8. മൊബൈൽ ഫോൺ ചാർജ്ജ് നിരക്കുകളിൽ വൻ കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ചെലവിൽ ടെലിഫോൺ ഉപയോഗിക്കുന്ന മുഴുവൻ ജീവനക്കാരും, നിലവിൽ കണക്ഷൻ ഉള്ളവരും പുതുതായി കണക്ഷൻ അനുവദിക്കപ്പെടുന്നവരും, ലാന്റ് ലൈൻ കണക്ഷനു പകരം മൊബൈൽ ഫോൺ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്. അർഹരായ ഉദ്യോഗസ്ഥർ ഒറിജിനൽ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് അനുവദനീയമായ പരിധിക്കുള്ളിലുള്ള തുക അനുവദിച്ചു നൽകുന്നതാണ്. പ്രീ-പെയ്ഡ് മൊബൈൽ കണക്ഷൻ ഉപയോഗിക്കുന്നവർക്ക് ഇതിന്റെ ചാർജ്ജായി വ്യക്തിഗത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 440/- രൂപ അനുവദിക്കുന്നതാണ്. ബില്ലിന്റെ പകർപ്പോ തുക ഒടുക്കിയതു സംബന്ധിച്ച രേഖകളോ ഹാജരാക്കുന്നമുറയ്ക്ക് മാത്രമേ മേൽ തുകയിൽ അധികരിച്ചുവരുന്ന ചാർജ് അനുവദിച്ചുനൽകുകയുള്ളൂ.

9. വകുപ്പു തലവന്മാർക്ക് ഔദ്യോഗിക മൊബൈൽ ഫോൺ കണക്ഷൻ ചാർജ്ജായി നിലവിൽ അനുവദിക്കുന്ന 1500/- രൂപയെന്ന പ്രതിമാസ പരിധി പോസ്റ്റ് പെയ്ഡ് / പ്രീ-പെയ്ഡ് കണക്ഷനുകൾക്ക് പ്രതിമാസം 1000/- രൂപയായും പുതുക്കി നിശ്ചയിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചിൻ / കാലിക്കട്ട് / മഹാത്മ ഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/മലയാളം സർവ്വകലാശാല/ആരോഗ്യ സർവ്വകലാശാല/സാങ്കേതിക സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൽ എന്നിവയുടെ മനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ